**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1404** **08-12-2022 - ൽ മറുപടിയ്ക്ക്**

**പൊതുമരാമത്ത് വകുപ്പിൽ ഇ-ഗവേണൻസ് കാര്യക്ഷമമാക്കുന്നതിനുള്ള നടപടികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീമതി ശാന്തകുമാരി കെ.** | | **ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര, യുവജനകാര്യ വകുപ്പ് മന്ത്രി)** | |
| (എ) | പൊതുമരാമത്ത് വകുപ്പിൽ ഇ-ഗവേണൻസ് കാര്യക്ഷമമാക്കുന്നതിന്ന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ച് വരുന്നതെന്ന് വിശദമാക്കാമോ; | (എ) | പൊതുമരാമത്തു വകുപ്പിൽ ഇ-ഗവേണൻസ് കാര്യക്ഷമമായി നടപ്പാക്കുന്നതിന് താഴെപ്പറയുന്ന നടപടികൾ സ്വീകരിച്ചുവരുന്നു.<br><br>ഇ-ഗവേണൻസ് ഫലപ്രദമായി നടപ്പാക്കുന്നതിന് വകുപ്പിന്റെ പ്രവർത്തനങ്ങൾക്കാവശ്യമായ സോഫ്റ്റ് വെയറുകൾ വളരെ പ്രധാനമാണ്. വകുപ്പിന്റെ ദൈനംദിന പ്രവർത്തനങ്ങൾക്കായി താഴെപ്പറയുന്ന സോഫ്റ്റ്‌വെയറുകൾ വികസിപ്പിച്ചു നടപ്പാക്കിവരുന്നു .<br><br><u>ഇ-ഓഫീസ്:-</u> പൊതുമരാമത്ത് വകുപ്പിന്റെ ചീഫ് എഞ്ചിനീയർ ഓഫീസ് മുതൽ സെക്ഷൻ ഓഫീസ് വരെയുള്ള എല്ലാ ഓഫീസുകളിലും ഇ-ഓഫീസ് സംവിധാനം നടപ്പാക്കിയിട്ടുണ്ട്. എല്ലാ ഫയൽ നീക്കങ്ങളും ഇപ്പോൾ ഓൺലൈൻ ആണ്.<br><br><u>പ്രൈസ് സോഫ്റ്റ്‌വെയർ</u> :- വകുപ്പിന്റെ സാങ്കേതിക പ്രവർത്തനങ്ങൾ ഓൺലൈൻ ആയി ചെയ്യുന്നതിന് പ്രൈസ് സോഫ്റ്റ്‌വെയർ വികസിപ്പിച്ചു നടപ്പാക്കിയിട്ടുണ്ട്. മരാമത്ത് പ്രവൃത്തികളുടെ എല്ലാ സാങ്കേതിക കാര്യങ്ങളും ഇ-മെഷർമെന്റ് , ഇ-ബിൽ എന്നിവയുൾപ്പെടെ പ്രൈസ് സോഫ്റ്റ്‌വെയർ വഴിയാണ് ഇപ്പോൾ ചെയ്യുന്നത്<br><br><u>തൊട്ടറിയാം പി.ഡബ്ല്യു..ഡി</u> :- വകുപ്പിന്റെ പദ്ധതി അവലോകനത്തിനും പ്രൊജക്റ്റ് മാനേജ്മെന്റിനും വേണ്ടിയുള്ള സോഫ്റ്റ്‌വെയർ ആണ് തൊട്ടറിയാം പി.ഡബ്ലിയു.ഡി. ഇതിൽ ഉദ്യോഗസ്ഥർക്കും, ജനപ്രതിനിധികൾക്കും, ജനങ്ങൾക്കും പദ്ധതി നടത്തിപ്പിന്റെ വിവരങ്ങൾ അറിയുന്നതിനും അതിൽ ഇടപെടുന്നതിനും സാധിക്കുന്നു.<br><br><u>പി.ഡബ്ല്യു..ഡി ഫോർ യു മൊബൈൽ ആപ്പ്</u> : പൊതുജനങ്ങൾക്ക് പൊതുമരാമത്തു വകുപ്പിന്റെ |

| | | | |
|---|---|---|---|
| | | | റോഡുകളെപ്പറ്റിയുള്ള പരാതികൾ വകുപ്പിന്റെ ബന്ധപ്പെട്ട ഉദ്യോഗസ്ഥരെ നേരിട്ട് അറിയിക്കുന്നതിനും പരാതി പരിഹരിക്കുന്നതിനും അതിന്റെ നിജസ്ഥിതി ഏതു സമയത്തും അറിയുന്നതിനും വേണ്ടിയുള്ള ഒരു മൊബൈൽ ആപ്പാണ് പി.ഡബ്ല്യു..ഡി ഫോർ യു. റോഡ് പരിപാലനം പൊതുജന പങ്കാളിത്തത്തോടെ കൂടുതൽ കാര്യക്ഷമമാക്കാൻ ഇതു സഹായിക്കുന്നു.<br><br><u>റോഡ് മെയിന്റനൻസ് മാനേജ്മെന്റ് സിസ്റ്റം</u>:-<br>വകുപ്പ് നിർമ്മിച്ച് പരിപാലിച്ചുവരുന്ന റോഡുകളുടെ ശാസ്ത്രീയമായ പരിപാലനത്തിനും കാര്യക്ഷമമായ ധനവിനിയോഗത്തിനും ഇതു സഹായിക്കും. ഈ സോഫ്റ്റ്‌വെയർ വഴി യഥാർത്ഥത്തിൽ മെയിന്റനൻസ് നടത്തേണ്ട റോഡുകൾ കണ്ടെത്തി അനുവദിച്ച പദ്ധതിവിഹിതത്തിൽ നിന്നുകൊണ്ട് പ്രവൃത്തികൾ നടത്തി മെച്ചപ്പെട്ട റോഡുകൾ പ്രദാനം ചെയ്യുവാൻ സാധിക്കും.<br><br><u>റസ്റ്റ് ഹൗസ് ഓൺലൈൻ റിസർവേഷൻ</u> :-<br>വകുപ്പിന്റെ എല്ലാ റസ്റ്റ് ഹൗസുകളിലും ഓൺലൈൻ റിസർവേഷൻ നടപ്പാക്കിയതുകൊണ്ട് ഉദ്യോഗസ്ഥർക്കും പൊതുജനങ്ങൾക്കും എവിടെനിന്നും ഏതുസമയത്തും മുറികൾ ബുക്കുചെയ്യുവാൻ സാധിക്കുന്നു.<br><br>മുകളിൽപ്പറഞ്ഞവ കൂടാതെ വകുപ്പിന്റെ വെബ് സൈറ്റ്, സർക്കാരിന്റെ മറ്റ സോഫ്റ്റ്‌വെയറുകളായ സ്പാർക്ക്, ബാംസ്, ബിംസ്, ഇ-അനുമതി തുടങ്ങിയ എല്ലാ സോഫ്റ്റ്‌വെയറുകളും പൊതുമരാമത്തു വകുപ്പിൽ ഉപയോഗിക്കുന്നു. ഓഫീസുകളിൽ ഇ-ഗവേണൻസ് നടപ്പാക്കുന്നതിൽ ഇതിനാവശ്യമായ കമ്പ്യൂട്ടറുകൾ, പ്രിന്റർ, സ്കാനർ തുടങ്ങി അനുബന്ധ ഉപകരണങ്ങൾ, ഇന്റർനെറ്റ് കണക്ടിവിറ്റി , ലാൻ നെറ്റ് വർക്ക് എന്നിവ വളരെ ആവശ്യമാണ്. വകുപ്പിന്റെ കുറഞ്ഞ ഇ-ഗവേണൻസ് ബജറ്റ് വിഹിതത്തിൽ നിന്നുകൊണ്ട് ഇവ ഉറപ്പാക്കുന്ന നടപടികൾ എടുത്തുവരുന്നു. ഡിവിഷൻ ഓഫീസ് തലം വരെ ബി.എസ്.എൻ.എൽ ലീസ്ഡ് ലൈൻ ഉപയോഗിച്ചുള്ള കെ-സ്വാൻ കണക്ടിവിറ്റി ഏർപ്പെടുത്തിയിട്ടുണ്ട്. സബ്-ഡിവിഷൻ , സെക്ഷൻ ഓഫീസുകളിൽ കെ-ഫോൺ കണക്ടിവിറ്റി കൊടുക്കുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു. |
| (ബി) | പദ്ധതികളുമായി ബന്ധപ്പെട്ട് ഫയൽ നീക്കങ്ങൾ കൂടുതൽ സുതാര്യമാക്കുന്നതിനും കാര്യക്ഷമമാക്കുന്നതിനും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ? | (ബി) | **പൊതുമരാമത്ത് വകുപ്പിൽ പദ്ധതികളുമായി ബന്ധപ്പെട്ട ഫയൽ നീക്കങ്ങൾ ഇപ്പോൾ ഇ-ഓഫീസ്, പ്രൈസ് സോഫ്റ്റ്‌വെയർ എന്നിവ വഴിയാണ് ചെയ്യുന്നത്. പദ്ധതികളുടെ സാങ്കേതികമായ എല്ലാ** |

| | | | |
|---|---|---|---|
| | | | **കാര്യങ്ങളും പ്രൈസ് ഓൺലൈൻ സോഫ്റ്റ്‌വെയറിലൂടെയും പദ്ധതി നടത്തിപ്പിലെ മറ്റു കാര്യങ്ങൾ ഇ-ഓഫീസ് വഴിയും ചെയ്യുന്നതുവഴി സുതാര്യതയും കാര്യക്ഷമതയും ഉറപ്പാക്കുന്നു.** |

സെക്ഷൻ ഓഫീസർ